**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4663** **19-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം നഗരസഭയിൽ അക്വാഡക്റ്റിന്റെ ഉയരം കൂട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നഗരസഭയിലെ മലയിൻകീഴ് ആനക്കല്ല് ഭാഗത്ത് പെരിയാർവാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭാഗമായുള്ള അക്വാഡക്റ്റ് കാലപ്പഴക്കം മൂലം അപകടാവസ്ഥയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലപ്പഴക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അക്വാഡക്റ്റ് അപകടാവസ്ഥയിലല്ല. |
| (ബി) | കോതമംഗലം നാട്ടുകാണി റോഡിന് കുറുകെ കടന്നുപോകുന്ന ഈ അക്വാഡക്റ്റിന്റെ ഉയരക്കുറവുമൂലം പ്രസ്തുത റോഡിലൂടെ വലിയ വാഹനങ്ങൾക്ക് കടന്നുപോകുന്നതിന് തടസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടി ഭാഗത്തെ റോഡിലൂടെ ബസ്, ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങളും കടന്നു പോകുന്നതാണ്. വലിയ രീതിയിൽ ഭാരം കയറിയ വാഹനങ്ങൾ കടന്നു പോകുന്നതിന് മാത്രമാണ് തടസ്സമുള്ളത്. |
| (സി) | അക്വാഡക്റ്റിന്റെ ഉയരം കൂട്ടുകയോ അല്ലെങ്കിൽ അക്വാഡക്റ്റിന് പകരമായി ഈ പ്രദേശത്ത് കനാൽ നിർമ്മിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലിവിലെ സാഹചര്യത്തിൽ അക്വാഡക്റ്റ് ഉയർത്താൻ സാധിക്കുകയില്ല. അക്വാഡക്റ്റിന് പകരം സൈഫൺ നിർമ്മിക്കാൻ കോതമംഗലം ബ്രാഞ്ച് കനാലിന്റെ ഘടനയ്ക്ക് (hydraulic particulars) മാറ്റം വരുത്തേണ്ടി വരും. ആയതിനാൽ ടി വിഷയത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തി സാങ്കേതിക സാധ്യത പരിശോധിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ